**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ്**

**2023 ജൂലൈ 13**

---

## അന്തർ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം; നയരൂപീകരണ ശിൽപ്പശാല ഇന്ന്

അന്തർ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ-സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നയരൂപീകരണ ശിൽപ്പശാല ഇന്ന്(ജൂലൈ 14) മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും.

രാവിലെ 10ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ന്യൂ സെമിനാർ ഹാളിൽ ജില്ലാ കളക്ടർ വി. വിഗ്നേശ്വരി പരിപാടി ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കും.

എം.ജി. സർവകലാശാലയിലെ സയൻസ് ആന്റ് എൻജിനീയറിംഗ് റിസർച്ച് ബോർഡ് പ്രോജക്ട്, ന്യൂഡൽഹിയിലെ ദിഷ ഫൗണ്ടേഷൻ, സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ആന്റ് ഇൻക്ലൂസീവ് ഗവേണൻസ് എന്നിവ സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിക്കുന്നത്.

ദിഷ ഫൗണ്ടേഷൻ പ്രതിനിധി ഡോ. അഞ്ജലി ബോർഹഡെ, സെർബ് എം.ജി.യു പ്രോജക്ട് ചെയർ പേഴ്സൺ ഡോ. എം.വി. ബിജുലാൽ, സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, പ്രഫ. സി വിനോദൻ, പ്രഫ. പി.പി. നൗഷാദ് എന്നിവർ ഉദ്ഘാടനച്ചടങ്ങിൽ സംസാരിക്കും.

ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികൾ, ഗവേഷകർ, അധ്യാപകർ തുടങ്ങിയവർ പങ്കെടുക്കും.

(പി.ആർ.ഒ/39/808/2023)

## പി.ജി പ്രവേശനം; സംവരണ സീറ്റുകളിലേക്കുള്ള പ്രത്യേക അലോട്ട്മെൻറിന് രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൽ പട്ടിക ജാതി,

പട്ടികവർഗ വിഭാഗക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്ക് ഒന്നാം പ്രത്യേക അലോട്മെൻറിനുള്ള രജിസ്ട്രേഷൻ/ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു. ജൂലൈ 15 വൈകുന്നേരം അഞ്ചു വരെയാണ് സമയപരിധി.

ഈ വിഭാഗങ്ങളിൽ പെടുന്നവർക്കായുള്ള പ്രത്യേക അലോട്ട്മെൻറിൽ ഇതു വരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും പ്രവേശനം ലഭിച്ചതിനു ശേഷം നിരസിക്കപ്പെട്ടവർക്കും നിശ്ചിത സമയത്ത് പ്രവേശനം എടുക്കാൻ സാധിക്കാഞ്ഞവർക്കുമാണ് അവസരം.

ഓൺലൈൻ അപേക്ഷയിൽ അപേക്ഷകൻ വരുത്തിയ തെറ്റു മൂലം അലോട്ട്മെൻറിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്മെൻറിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് ക്യാപ്പ് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഓപ് ഷനുകൾ പുതിയതായി നൽകാം.

പ്രത്യേക അലോട്ട്മെൻറിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പുതിയതായി ഓപ് ഷനുകൾ രജിസ്റ്റർ ചെയ്യണം. നേരത്തേ നൽകിയ അപേക്ഷയിൽ പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുകയും പുതിയ ഓപ്ഷനുകൾ നൽകുകയും ചെയ്യാം.

സ്ഥിര പ്രവേശമെടുത്തവർ പ്രത്യേക അലോട്ട്മെൻറിൽ അപേക്ഷിക്കുകയും അലോട്ട്മെൻറ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെൻറിൽ പ്രവേശനം എടുക്കണം. ഇവരുടെ മുൻ പ്രവേശനം റദ്ദാകും. അതുകൊണ്ടുതന്നെ സ് ഥിരപ്രവേശനമെടുത്തവർ അലോട്ട്മെൻറിൽ ഓപ്ഷൻ നൽകുന്പോൾ ജാഗ്രത പുലർത്തണം. ഒരു തവണ ക്യാപ്പിലൂടെ അപേക്ഷാ ഫീസ് അടച്ചവർക്ക് വീണ്ടും ഫീസ് അടയ്ക്കാതെ പ്രത്യേക അലോട്ട്മെൻറിൽ പങ്കെടുക്കാം.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽ പെട്ടവർക്കു മാത്രമായുള്ള സ്പെഷ്യൽ അലോട്ട്മെൻറിൽ മറ്റു വിഭാഗങ്ങളിലുള്ളവർക്ക് അപേക്ഷ നൽകാൻ കഴിയില്ല.

(പി.ആർ.ഒ/39/809/2023)

## എം.ജി യൂണിയൻ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 29ന്

മഹാത്മാ ഗാന്ധി സർവകലാശായിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലെ 2023-24 വർഷത്തെ വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 29ന് നടക്കും. തെരഞ്ഞെടുപ്പ് വിജ്ഞാപനം സെപ്റ്റംബർ ഒൻപതിന് പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/810/2023)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറഗ്രേറ്റഡ് പ്രോഗ്രാംസ് ആൻറ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ (ഐ.ഐ.ആർ.ബി.എസ്) അഞ്ചു വർഷ ഇൻറഗ്രേറ്റഡ് എം.എസ്.സി പ്രോഗ്രാമുകളിൽ(202328)

എസ്.സി,എസ്.ടി,ഇ.ഡബ്ല്യു.എസ് വിഭാഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട സീറ്റുകൾ ഒഴിവുണ്ട്.

സയൻസ് മുഖ്യ വിഷയമായി പഠിച്ച് പ്ലസ് ടു വിജയിച്ചവർക്ക് അപേക്ഷിക്കാം. എസ്.ടി വിഭാഗം വിദ്യാർഥികളുടെ അഭാവത്തിൽ എസ്.സി വിഭാഗത്തിൽനിന്നുള്ളവരെ പരിഗണിക്കും. താത്പര്യമുള്ളവർ എസ്.എസ്.എൽ.സി, പ്ലസ് ടു സർട്ടിഫിക്കറ്റുകൾ, കമ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ സഹിതം ജൂലൈ 18ന് രാവിലെ 10.30ന് സർവകലാശാലാ കാമ്പസിലെ ഐ.ഐ.ആർ.ബി.എസിൽ എത്തണം. ഫോൺ: 9567544740. ഇ-മെയിൽ: iirbs@mgu.ac.in

(പി.ആർ.ഒ/39/811/2023)

## എം.എസ്.ഡബ്ല്യു; സീറ്റൊഴിവ്

എം.ജി. സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ(ഐ.യു.സി.ഡി.എസ്) പുതിയതായി തുടങ്ങിയ എം.എസ്.ഡബ്ല്യു കോഴ്സിൽ അംഗപരിമിതർക്കായി സംവരണം ചെയ്യപ്പെട്ട ഒരു സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഇന്ന്(ജൂലൈ 14) ഉച്ചകഴിഞ്ഞ് മൂന്നിനു മുൻപ് ഐ.യു.സി.ഡി.എസിൽ എത്തണം. ഫോൺ:0481 2731580.

(പി.ആർ.ഒ/39/812/2023)

## അഡീഷണൽ ഇലക്ടീവ് വിദ്യാർഥികൾക്കും പരീക്ഷ എഴുതാം

ജൂലൈ 20ന് തുടങ്ങുന്ന നാലാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2020 വരെ അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയോടൊപ്പം 2022 അഡ്മിഷൻ അഡീഷണൽ ഇലക്ടീവ് വിദ്യാർഥികൾക്കും പരീക്ഷ എഴുതാം.

(പി.ആർ.ഒ/39/813/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൻറെ മൂന്ന്, നാല് സെമസ്റ്റർ എം.എഫ്.എ(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് ജൂലൈ 24 മുതൽ 25 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ 26ന് പിഴയോടു കൂടിയും ജൂലൈ 27ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. അപേക്ഷാഫോമിന് 40 രൂപയാണ്. ഒരു പേപ്പറിന് 55 രൂപ നിരക്കിൽ(പരമാവധി 330 രൂപ) സി.വി ക്യാമ്പ് ഫീസും പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

അപേക്ഷകൾ അസിസ്റ്റൻറ് രജിസ്ട്രാർ 9 (പരീക്ഷ)ക്ക് സമർപ്പിക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

.........................

അഫിലിയേറ്റഡ് കോളജുകളിലെ ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷനുകൾ സപ്ലിമെൻററി), ത്രിവത്സര എൽ.എൽ.ബി(2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്), പത്താം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി(2010 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് - കോമൺ) പരീക്ഷകൾക്ക് ഓഗസ്റ്റ് ഒന്നു വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ രണ്ടിന് പിഴയോടു കൂടിയും ജൂലൈ മൂന്നിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/814/2023)

## ടൈംടേബിൾ പുനഃക്രമീകരിച്ചു

അഫിലിയേറ്റഡ് കേളജുകളുടെയും സീപാസിൻറെയും ജൂലൈ 19ന് തുടങ്ങാനിരുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്(ക്രെഡിറ്റ് ആൻറ് സെമസ്റ്റർ - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2018,2019 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 20നും ജൂലൈ 25ന് തുടങ്ങാനിരുന്ന നാലാം സെമസ്റ്റർ ബി.എഡ്(ക്രെഡിറ്റ് ആൻറ് സെമസ്റ്റർ - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി, 2018,2019 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ ഓഗസ്റ്റ് നാലിനും തുടങ്ങുന്ന വിധം പുനഃക്രമീകരിച്ചു.

(പി.ആർ.ഒ/39/815/2023)

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ സി.ബി.സി.എസ് ബി.എ/ബി.കോം - ജൂലൈ 2023(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾ ജൂലൈ 25ന് ആരംഭിക്കും വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

........................

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് - മെയ് 2023(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്), രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് സൈബർ ഫോറൻസിക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾ ജൂലൈ 25ന് തുടങ്ങും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

..................

ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പരീക്ഷകൾ ജൂലൈ 25ന് തുടങ്ങും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/816/2023)

## പരീക്ഷാ ടൈംടേബിൾ

ഒന്നാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം - ജൂലൈ 2023(സി.എസ്.എസ് - 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014-2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷ കൂടുതൽ പേപ്പറുകൾ ഉൽപ്പെടുത്തി പരിഷ്ക്കരിച്ചു. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/817/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആൻറ് മാനേജ്മെൻറ്, ബി.വോക് ഫാഷൻ ടെക്നോളജി ആൻഡ് മർച്ചൻഡൈസിംഗ്, ബി.വോക് ഫാഷൻ ടെക്നോളജി - മെയ് 2023(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 18ന് ആരംഭിക്കും.

......................

എട്ടാം സെമസ്റ്റർ ബി.എച്ച്.എം - ജൂൺ 2023(2019 അഡ്മിഷൻ റഗുലർ, 2015-2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 18 മുതൽ പാലാ, സെൻ ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻറ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................

ജൂലൈ അഞ്ചു മുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി - ജൂൺ 2023(2021 അഡ്മിഷൻ റഗുലർ, 2016-2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 18 ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/818/2023)

## പരീക്ഷാ ഫലം

2023 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ്, എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ്, എം.എസ്.സി സ്പേസ് സയൻസ്, എം.എസ്.സി ഫിഷറി ബയോളജി ആൻറ് അക്വാകൾച്ചർ

(പി.ജി.സി.എസ്.എസ് – റഗുലർ, സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

...........................

2023 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ ഹിസ്റ്ററി (2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി), എം.എ ഹിസ്റ്റോറിക്കൽ സ്റ്റഡീസ്(2021 അഡ്മിഷൻ റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

..............................

2023 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്(പി.ജി.സി.എസ്.എസ് – 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

...............................

2023 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് ബ്രാഞ്ച് 10(എ) ചൈൽഡ് ഡെവലപ്മെൻറ്(2021 അഡ്മിഷൻ റഗുലർ), ബ്രാഞ്ച് 10(ഡി) ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/819/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**